# റവന്യൂ വകുപ്പ്
# സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി

## അർബുദം (Cancer), ക്ഷയം (Tuberculosis - TB), കുഷ്ഠം (Leprosy) എന്നീ രോഗബാധിതരായ വ്യക്തികൾക്ക് പ്രതിമാസ പെൻഷന് ഓൺലൈനായി അപേക്ഷിക്കുന്ന വിധം

1. ആദ്യമായി അപേക്ഷ സമർപ്പിക്കുന്നവർ village.kerala.gov.in എന്ന വെബ് പോർട്ടലിൽ Pension ബട്ടൺ ക്ലിക്ക് ചെയ്ത് Citizen Service Platform ൽ പ്രവേശിച്ച് Create Account ലിങ്ക് Select ചെയ്യുക.

2. പേര്, മൊബൈൽ നമ്പർ എന്നീ വിവരങ്ങൾ നൽകുക. നൽകിയിരിക്കുന്ന മൊബൈൽ നമ്പറിലേക്ക് Text Message ആയി ലഭിക്കുന്ന ആറ് അക്ക One Time Password (OTP) നൽകുക.

3. Create Profile പേജിൽ കാണിച്ചിരിക്കുന്ന വിവരങ്ങൾ നൽകുക. User Name ഉം Password ഉം create ചെയ്യുക.

4. Create ചെയ്ത User Name, Password എന്നിവ ഉപയോഗിച്ച് Login ചെയ്യുക.

5. E-Services - Pension Assistance പേജിൽ ക്ഷയം, കാൻസർ, കുഷ്ഠം എന്നീ രോഗങ്ങളുള്ള വ്യക്തികൾക്ക് പെൻഷൻ അപേക്ഷ സമർപ്പിക്കുന്നതിന് Apply Now ബട്ടൺ ക്ലിക്ക് ചെയ്യുക.

6. ഒരു സമയം ഏതെങ്കിലും ഒരു പെൻഷന് മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ സാധിക്കൂ.

7. അപേക്ഷ പേജിൽ വിവരങ്ങൾ നൽകുക. റേഷൻ കാർഡ്, ആധാർ കാർഡ് (ഇല്ലെങ്കിൽ ഏതെങ്കിലും ഫോട്ടോ ഐ.ഡി കാർഡ്), ആറ് മാസത്തിനുള്ളിൽ നൽകിയ മെഡിക്കൽ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ PDF/JPEG ഫോർമാറ്റിൽ അപ്‌ലോഡ് ചെയ്യുക.

8. അപേക്ഷയോടൊപ്പം റീജിണൽ കാൻസർ സെന്റർ, തിരുവനന്തപുരം, മെഡിക്കൽ കോളേജുകൾ എന്നീ ആശുപത്രികളിലെ രജിസ്റ്റേർഡ് ഓങ്കോളജിസ്റ്റുകളോ ജില്ലാ/ജനറൽ ആശുപത്രികളിലെ കീമോ തെറാപ്പി (ക്യൂറേറ്റിവ്/പാലിയേറ്റിവ്) / റേഡിയോ തെറാപ്പി എന്നീ വിഭാഗങ്ങളുമായി ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാരോ നൽകുന്ന സാക്ഷ്യപത്രമാണ് സമർപ്പിക്കേണ്ടത്.

9. മെഡിക്കൽ സർട്ടിഫിക്കേറ്റിലെ തീയതി വളരെ പ്രാധാന്യമുള്ളതാണ്. ആയത് പ്രത്യേക ശ്രദ്ധയോടെ നൽകുക.

10. ആവശ്യമായ വിവരങ്ങൾ നൽകി അപേക്ഷ Submit ചെയ്യുക.

11. സമർപ്പിച്ച അപേക്ഷയുടെ സ്റ്റാറ്റസ് My Applications ബട്ടൺ ക്ലിക്ക് ചെയ്ത് പരിശോധിക്കാവുന്നതാണ്.

12. Password Reset ചെയ്യുന്നതിനായി ലോഗിൻ പേജിന്റെ വലത് മുകൾവശത്തുള്ള പ്രൊഫൈൽ ടാബിൽ ക്ലിക്ക് ചെയ്ത് Password Reset ബട്ടൺ സെലക്ട് ചെയ്യുക.